(ബി) ഇതിൽ എത്ര ഏക്കർ സർക്കാർ ഏറ്റെടുത്തു;

(സി) എത്ര ഏക്കർ വിതരണം ചെയ്തു;

(ഡി) എത്ര പേർക്ക് ?

ഉത്തരം

(എ) ആകെ 1,70,000 ഏക്കർ മിച്ചഭൂമിയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ 1-9-1979 വരെ 1,16,217·38 ഏക്കർ മിച്ചഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

(ബി) 1-9-1979-വരെ ആകെ 72,382·73 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(സി) 1-9-1979-വരെ 47,313·50 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്.

(ഡി) 74,336 പേർക്ക്.

മാങ്കുളം ഭൂമി കയ്യേറ്റക്കാർ

21 [38] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, എം. വി. രാഘവൻ:

,, ടി. കെ. അബ്ദു:

,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം ഭൂമി കയ്യേറ്റക്കാരായ വൻകിടക്കാരെ ഒഴിപ്പിക്കാൻ എന്തു നടപടികളെടുത്തു;

(ബി) ഒഴിപ്പിക്കപ്പെട്ട ചെറുകിട കൃഷിക്കാരെ അവിടെത്തന്നെ പുനരധിവസിപ്പിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) കയ്യേറ്റക്കാരെ വളരെവേഗം ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാങ്കുളത്തുള്ള കൃഷിയുക്തഭൂമി ഒരു ഹെക്ടർ വീതം പിരഞ്ഞെടുക്കപ്പെട്ട ഭൂരഹിതർക്കും ശേഷിക്കുന്ന ഭൂമി വനം വകുപ്പ്, വനവികസനകോർപ്പറേഷൻ, ഏലം ബോർഡ്, കേരളാ ലൈവ്സ്റ്റോക്ക് ആൻറ് മിൽക്ക്മാർക്കറ്റിങ്ങ് ബോർഡ് എന്നിവയ്ക്ക് ഉപയോഗയോഗ്യതയനുസരിച്ച് ഏൽപ്പിച്ചുകൊടുക്കുവാൻ പദ്ധതി തയ്യാറായി വരുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നിശ്ചിത ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതാണ്.

(ബി) ഒഴിപ്പിക്കപ്പെട്ടവർ എന്ന പരിഗണനയിൽ ആരേയും പുനരധിവസിപ്പിക്കാൻ കണ്ണൻദേവൻ ഭൂമി പതിവുചട്ടങ്ങൾ അനുവദിക്കുന്നില്ല. 1978 നവമ്പർമാസത്തിൽ ഒഴിപ്പിക്കപ്പെട്ടവരിൽ ഇരുന്നൂറിലധികം ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

മാങ്കുളത്തുള്ള ഭൂമി ലഭിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ഭൂമിക്ക് അപേക്ഷിക്കുകയും അർഹതാനുസരണം തിരഞ്ഞെടുക്കപ്പെടുകയും ചെയ്യാത്തവരുടെ കാര്യത്തിൽ എന്തെങ്കിലും പരിഗണന കാണിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല.

മാങ്കുളം വനഭൂമി

22 [39] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ വക മാങ്കുളം വനഭൂമി ഗവൺമെൻറ് ഏറ്റെടുത്തിട്ട് ഇപ്പോൾ എത്ര വർഷമായിരിക്കുന്നു;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഗവൺമെൻറ് ഏറ്റെടുത്തത് എന്നും ഇപ്പോൾ അതിൽ എത്ര ഏക്കർ ഭൂമി ഗവൺമെൻറ് കൈവശം ഉണ്ട് എന്നും വ്യക്തമാക്കാമോ;

(സി) 'മാങ്കുളം വനഭൂമി' ഭൂമിയില്ലാത്ത കൃഷിക്കാർക്ക് പതിച്ചു കൊടുക്കുന്നതാണെന്നുള്ള ഗവൺമെൻറ് വിജ്ഞാപനത്തിൻെറ അടിസ്ഥാനത്തിൽ ഇതിനോടകം എത്ര ഹെക്ടർ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂരഹിതരായ കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചിട്ട് വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ഒരുസെൻറു ഭൂമിപോലും നാളിതുവരെ വിതരണം ചെയ്യാതിരുന്നതിൻെറ കാരണമെന്ത്;

(ഇ) കണ്ണൻദേവൻവക മാങ്കുളം വനഭൂമി ഭൂസ്വാമികളായ നിരവധി പേർ കൈവശപ്പെടുത്തി തോട്ടങ്ങളാക്കി മാറ്റിയിരിക്കുന്നു എന്ന് കേൾക്കുന്നതു ശരിയാണോ;

(എഫ്) എങ്കിൽ ഈ ഭൂമി എത്രയും വേഗം തിരിച്ചെടുത്ത് ഭൂമി ഇല്ലാത്ത കൃഷിക്കാർക്കായി വിതരണം ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൻദേവൻവക മാങ്കുളം വനഭൂമി ലാൻഡ് ബോർഡിൻെറ ഉത്തരവനുസരിച്ച് ഗവൺമെൻറ് ഏറ്റെടുത്തിട്ട് ഇപ്പോൾ അഞ്ചു വർഷമായി.

(ബി) ഗവൺമെൻറ് ഏറ്റെടുത്തത് 70,522·12 ഏക്കർ ഭൂമിയാണ്. മുഴുവൻ ഭൂമിയും ഗവൺമെൻറ് കൈവശമാണ്. എന്നാൽ പലഭാഗങ്ങളിലും കയ്യേറ്റങ്ങൾ ഉണ്ട്. കയ്യേറ്റങ്ങൾക്ക് പ്രത്യേക അതിരുകൾ ഇല്ലാത്തതിനാൽ ഒഴിവായ വിസ്തീർണ്ണം നിർണ്ണയിക്കാൻ സാദ്ധ്യമല്ല.

(സി) ഭൂമി ഒട്ടും പതിച്ചുകൊടുത്തിട്ടില്ല.

(ഡി) കൃഷിയുക്തവനഭൂമി മുഴുവൻ അളന്ന് വഴിക്കും പൊതു ആവശ്യങ്ങൾക്കും വേണ്ടതുകഴിച്ച് ബാക്കിയുള്ളതു പ്ലോട്ടുകളായി തിരിച്ചുകഴിയാത്തതിനാൽ തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly